സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :18/02/2022
Email – swdkerala@gmail.com
Phone – 0471 – 2306040

## പരിപത്രം

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം–കൃത്യമായ ഇടവേളകളിൽ സ്ഥാപന സന്ദർശനം നടത്തി പ്രവർത്തനം വിലയിരുത്തി –റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് നം.സാനീവ–എ1/297/2021 തിയതി:06.01.2022.

വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാരിനും വിജിലൻസിനും നിരവധി പരാതികൾ ലഭ്യമാകുകയും ആയതിൽ പ്രകാരം നടത്തുന്ന അന്വേഷണത്തിൽ ടി സ്ഥാപനങ്ങളിൽ മേലുദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ സ്ഥാപന സന്ദർശനം നടത്തി രജിസ്റ്ററും മറ്റ് രേഖകളും പരിശോധിക്കാത്തത് സ്ഥാപന നടത്തിപ്പിലെ അപാകതകൾക്ക് കാരണമാകുന്നതായും ആയതിനാൽ കൃത്യമായ ഇടവേളകളിൽ സ്ഥാപന സന്ദർശനം നടത്തേണ്ടതാണെന്നുള്ള ശുപാർശ സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ വകുപ്പിന് കീഴിൽ ജില്ലകളിൽ പ്രവർത്തിക്കുന്ന സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിക്കേണ്ടതും അപാകതകൾ കണ്ടെത്തുന്ന പക്ഷം ആയത് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതും അടുത്ത സന്ദർശനത്തിൽ ആയത് പാലിച്ചിട്ടുണ്ട് എന്നുള്ളത് ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ, എല്ലാ മാസവും 5–ആമത്തെ പ്രവർത്തി ദിവസം സ്ഥാപന സൂപ്രണ്ടുമാർ, പ്രൊബേഷൻ ഓഫീസർമാർ എന്നിവരുടെ അവലോകന യോഗം ചേരേണ്ടതും പ്രസ്തുത വിവരം, നടപടിക്രമം സഹിതം, സാമൂഹ്യനീതി ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

M ANJANA IAS
സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ ജില്ല സാമൂഹ്യ നീതി ഓഫീസർമാർക്കും

എല്ലാ കീഴ്ക്കര്യാലയങ്ങൾക്കും

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ഭാഗമായി 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ഇളവ് അനുവദിച്ചുകൊണ്ടുളള ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.154/2022/DMD തീയതി,തിരുവനന്തപുരം, 16-02-2022

---

പരാമർശം:- 1. സ.ഉ(സാധാ) നം.40/2022/ഡി.എം.ഡി തീയതി 14.01.2022.
2.സ.ഉ(സാധാ) നം.68/2022/ഡി.എം.ഡി തീയതി 20.01.2022.
3. സ.ഉ(സാധാ) നം.81/2022/ഡി.എം.ഡി തീയതി 24.01.2022.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ കോവിഡ് വ്യാപന പശ്ചാത്തലത്തിൽ പരാമർശിത ഉത്തരവുകൾ പ്രകാരം സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ചില പ്രത്യേക വിഭാഗം ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ ജോലി നോക്കുവാൻ നൽകിയിരുന്ന ഇളവുകൾ ഈ ഉത്തരവ് തിയതി പ്രാബല്യത്തിൽ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .എ .ജയതിലക് ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി,റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
കമ്മീഷണർ,ലാൻഡ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ,തിരുവനന്തപുരം-33
എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by Bijumon K K
Date: 16-02-2022 14:42:24
സെക്ഷൻ ഓഫീസർ

[illegible] ഫയൽ നം: E5-252/2022 ; തീയതി:
മേൽ പരാമർശിത ഉത്തരവ് അറിവിലേക്കും തുടർ നടപടികൾക്കുമായി ഉദ്ധരിച്ചു നൽകുന്നു.

എല്ലാ ജീവനക്കാർക്കും

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്കുവേണ്ടി.